കേരള സർക്കാർ **വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസം**ബർ** 24, തിങ്കൾ

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** dioksgd@gmail.com

## ചരിത്രകൗതുകമുണർത്തി ഗോത്ര സംസ്കൃതി പ്രദർശനം

ഗദ്ദിക മേളയിൽ ചരിത്ര കൗതുകമുണർത്തുന്ന ഗോത്ര സംസ്കൃതി പ്രദർശനം ശ്രദ്ധേയമാകുന്നു. കിർടാഡ്സിന്റെ ആഭിമുഖ്യത്തിലാണ് ഗോത്ര സംസ്കൃതി പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ വിവിധ ഗോത്ര വിഭാഗങ്ങളുടെ ആയുധങ്ങൾ, വീട്ടുപകരണങ്ങൾ, ആഭരണങ്ങൾ, കാർഷികോപകരണങ്ങൾ തുടങ്ങിയവയാണ് പ്രദർശനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. ഓടുന്ന മൃഗത്തെ ബോധം കെടുത്താൻ ഉപയോഗിക്കുന്ന മൊട്ടമ്പ്, പുലിയെ വലയിലാക്കിയശേഷം കുത്തി കൊല്ലാൻ ഉപേയാഗിച്ച പുലികുന്തം, കത്തിയമ്പ്, അമ്പ് തള്ള തുടങ്ങിയ പ്രാകൃത ആയുധങ്ങൾ സന്ദർശകരിൽ കൗതുകം ഉണ്ടാക്കുന്നു. വിവിധ തരം പരമ്പരാഗത ആഭരണങ്ങളായ താലി, പതക്കം, കുണ്ട് കമ്മൽ, ഓലെ, വെള്ളി അരഞ്ഞാണം, കൈത്തണ്ടെ തുടങ്ങിയവയുടെ ചിത്രങ്ങളും പ്രദർശനത്തിൽ ഉണ്ട്. വീട്ടുപകരണങ്ങളായ വീശുകല്ല്, തെരിക, കുട്ട, മാനിച്ചൂല്, പുട്ട് കവരി, ഗുലുമ, മുറം, ഉറി തുടങ്ങിയവയുടെ ശേഖരവും ഉണ്ട്. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പഴയ

കാല സംസ്കൃതിയെയും ചരിത്രത്തെയും അടുത്തറിയാനുള്ള അവസരമാണ് പ്രദർശനം ഒരുക്കിയിരിക്കുന്നത്.

**ഫോട്ടോ അടിക്കുറിപ്പ് (ഗദ്ദിക1,2):** കാലിക്കടവിൽ പട്ടിക ജാതി-പട്ടിക വർഗ വികസന വകുപ്പിന്റെയും കിർടാഡ്സിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗദ്ദിക മേളയിലെ ഗോത്ര സംസ്കൃതി പ്രദർശനത്തിൽ നിന്ന്

## ഗദ്ദികയിൽ ഇന്ന്

പട്ടികജാതി-പട്ടിക വർഗ വകുപ്പും, കിർടാഡ്സും സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക നാടൻ കലാമേളയിൽ ഇന്ന് വൈകീട്ട് നടക്കുന്ന സാംസ്കാരിക സായാഹ്നം എം.എൽ.എ സി. കൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഡോ. ഇ.പി രാജഗോപാലൻ മുഖ്യ പ്രഭാഷണം നടത്തും. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ അധ്യക്ഷനാകും. തുടർന്ന് എം. രഘു അവതരിപ്പിക്കുന്ന സോദോധിമി, ഗംഗാധരൻ അവതരിപിക്കുന്ന ആട്ടവും പാട്ടും ഊരാളിക്കൂത്തും, ഗിരീഷ് ആമ്പയുടെ നാടൻ പാട്ട് വാമൊഴിത്താളവും, കേരളഫോക്ക്ലോർ അക്കാദമിയുടെ മുടിയേറ്റും അരങ്ങേറും.

## ഗദ്ദികയിൽ നാളെ

പട്ടികജാതി-പട്ടിക വർഗ വകുപ്പും, കിർടാഡ്സും സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക നാടൻ കലാമേളയിൽ നാളെ വൈകീട്ട് 5.30ന് നടക്കുന്ന സാംസ്കാരിക സായാഹ്നം എം.എൽ.എ ഒ.ആർ കേളു ഉദ്ഘാടനം ചെയ്യും. മലബാർ ദേവസ്വം ബോർഡ് അംഗം കൊട്ടറ വാസുദേവ് അധ്യക്ഷനാകും. കേരള കൾച്ചറൽ കൗൺസിൽ സെക്രട്ടറി ഡോ. പ്രഭാകരൻ പഴശ്ശി പ്രഭാഷണം നടത്തും. തുടർന്ന് വർക്കല നാട്യവേദിയിലെ കെ.സുശീലൻ അവതരിപ്പിക്കുന്ന കാക്കാരശ്ശി നാടകവും, അർജ്ജുനൻ അവതരിപ്പിക്കുന്ന ഇരവാലനൃത്തം, വയനാട് നാടൻകലാ സംഘത്തിലെ രാജേഷ് ഗ്രോത്ര താളം അവതരിപ്പിക്കുന്ന കോൾ ആട്ടെ, തോടി ആട്ടെയും, പി ടി ദിലീപിന്റെ നേതൃത്വത്തിൽ അവതരിപ്പിക്കുന്ന നാടൻ പാട്ടും അരങ്ങേറും.

## വനിതാ മതിൽ: അവലോകന യോഗം 28ന്

കേരളം കൈവരിച്ച സാമൂഹ്യപരിഷ്കരണ നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും സ്ത്രീ-പുരുഷ സമത്വം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ ജനുവരി ഒന്നിന് കാസർകോട് നിന്നും തിരുവനന്തപുരം വരെ നടത്തുന്ന വനിതാ മതിലിന്റെ കാസർകോട് ജില്ലയിലെ ഒരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള യോഗം 28ന് വൈകീട്ട് മൂന്നിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ജില്ലാതല ഉദ്യോഗസ്ഥർ, സർക്കാരിന്റെ വിവിധി ഏജൻസി/പ്രോജക്ട് മേധാവികൾ, സർവീസ് സംഘടനാ ഭാരവാഹികൾ, നവോ ത്ഥാന പാരമ്പര്യമുള്ള സംഘടനാ പ്രതിനിധികൾ, ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റുമാർ, നഗരസഭാ അധ്യക്ഷന്മാർ, വനിതാ സംഘടനാ പ്രതിനിധികൾ തുടങ്ങിയ വർ നിർബന്ധമായും യോഗത്തിൽ പങ്കെടുക്കണം. കാസർകോട് താലൂക്ക് ഓഫീസ് പരിസരം മുതൽ കാലിക്കടവ് വരെ 44 കിലോമീറ്റർ ദൂരത്തിലാണു ജില്ലയിൽ വനിതാ മതിൽ ഒരുക്കുന്നത്. പൂർണമായും ഹരിതചട്ടം പാലിച്ചു കൊണ്ടാകും പരിപാടി നട ത്തുന്നത്. വനിതാമതിലിൽ ജില്ലയിൽ നിന്നും ഒരു ലക്ഷം പേർ പങ്കെടുക്കും. ഓരോ ഏജൻസികളും സംഘടനകളും എത്ര പേരെ പങ്കെടുപ്പിക്കുമെന്ന വിശദ വിവരങ്ങൾ യോഗത്തിൽ അറിയിക്കണം. ഈ വിവരങ്ങൾ ഡിസംബർ 27നകം dswokgdswd@gmail.com ൽ നൽകണം.

## ജില്ലയുടെ കായിക വികസനത്തിന് സമഗ്രപദ്ധതി; കുതിപ്പിന്റെ ജില്ലാതല ഉദ്ഘാടനം നാളെ

ജില്ലയിലെ കായിക മേഖലയുടെ സമഗ്രവികസനത്തിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി ഒരുങ്ങുന്നു. ജില്ലയനുഭവിക്കുന്ന കായിക മുരടിപ്പിന് പരി ഹാരം കാണുന്നതിനായി ദീർഘകാല ലക്ഷ്യത്തോടെ ആരംഭിക്കുന്ന 'കുതിപ്പ്' എന്ന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നാളെ (26) വൈകുന്നേരം 4 മണിക്ക് ചന്ദ്രഗിരി ഗവ. ഹയർസെക്കൻഡറിയിൽ നടക്കും. കെ. കുഞ്ഞിരാമൻ എം.എൽ.എ. ഉദ്ഘാടനം നിർവഹിക്കും. കായിക കൗമാര കുതിപ്പിന് ഊർജമേകുന്നതിനായി ആവിശ്കരിച്ച പദ്ധതിയിൽ അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ജില്ലയിലെ തിരഞ്ഞെ ടുക്കപ്പെടുന്ന കായിക പ്രതിഭകൾക്ക് ഡിസംബർ 26 മുതൽ 28 വരെ കായിക പരിശീ

ലനം നൽകും. വിദഗ്ധരായ കായികാദ്ധ്യാപകരും പരിശീലകരും നേതൃത്വം നൽകും. ജില്ലയിലെ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും സെലക്ഷൻ ക്യാമ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ട 90 കുട്ടികൾ വീതം ഏഴ് സബ്ജില്ലകളിൽ നിന്നായി 630 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. ക്യാമ്പിന് ശേഷം കുട്ടികൾക്കാവശ്യമായ വിദഗ്ധ പരിശീലനം തുടർന്നും നൽകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പരിശീലനത്തിൽ കുട്ടികൾക്കാവശ്യമായ ജേഴ്സി, ഭക്ഷണം എന്നിവയുൾപ്പെടെ ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്യും.

പദ്ധതി അവലോകന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ അധ്യക്ഷത വഹിച്ചു. 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്ന പദ്ധതി ജില്ലയെ സംബന്ധിച്ചിടത്തോളം പുതിയൊരു പ്രതീക്ഷയും കാൽവെയ്പുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ. ഗിരീഷ് ചോലയിൽ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

## വർണ വിസ്മയം സൃഷ്ടിച്ച് ചിത്രരചനാ മത്സരം

കൈത്തറിയെ സംബന്ധിച്ച് പുതുതലമുറയിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കാസർകോട് ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരം വർണവിസ്മയം സൃഷ്ടിച്ചു. കാസർകോട് ഗവൺമെന്റ് കോളേജിൽ നടത്തിയ മത്സരം ജില്ലാ കളക്ടർ ഡോ.ഡി. സജിത് ബാബു ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. അരവിന്ദ് കൃഷ്ണൻ അദ്ധ്യക്ഷനായി. ചിത്രകാരനും ശിൽപിയുമായ കെ.കെ.ആർ. വെങ്ങര വിശിഷ്ടാതിഥിയായിരുന്നു. ജില്ലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ പ്രത്യേകമായി സംഘടിപ്പിച്ച മത്സരം മികച്ച നിലവാരം പുലർത്തുന്നവയാണെന്ന്. കെ.കെ.ആർ. വെങ്ങര അഭിപ്രായപ്പെട്ടു. യു.പി വിദ്യാർത്ഥികൾക്ക് കൈത്തറിയുമായി ബന്ധമുള്ള എന്തെങ്കിലും, ഹൈസ്കൂൾ വിഭാഗത്തിന് 'എന്റെ ഗ്രാമം കൈത്തറി ഗ്രാമം' എന്നിങ്ങനെയായിരുന്നു മത്സര വിഷയം. മൂന്നു വിഭാഗങ്ങളിലായി ആകെ 114 വിദ്യാർത്ഥികൾ പങ്കെടുത്തു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഗിരീഷ് ചോലയിൽ, ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ ആർ. രേഖ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ കെ. രാജൻ, എന്നിവർ സംസാരിച്ചു. ജില്ലാ വ്യവസായ കേന്ദ്രം,

മാനേജർ സി.ജി. മിനിമോൾ സ്വാഗതവും, ഡെപ്യൂട്ടി രജിസ്ട്രാർ സി.പി. ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.

ഹൈസ്കൂൾ വിഭാഗം വിജയികൾ: 1) പി. ആതിര, ക്രൈസ്റ്റ് സി. എം.ഐ പബ്ലിക്ക് സ്കൂൾ, ബല്ല, കാഞ്ഞങ്ങാട്. 2) കെ.വി. സിദ്ധാർത്ഥ്, ജി.എച്ച്,എസ്.എസ്, ചായ്യോത്ത്. 3) പി. ആദിത്യൻ, ദുർഗ ഹയർ സെക്കൻഡറി സ്കൂൾ, കാഞ്ഞങ്ങാട്

യു.പി. വിഭാഗം വിജയികൾ: 1)അരുണിമ രാജ്, കെ,ജി.എച്ച്,എസ്.എസ്, പെരിയ. 2) വി. സുമിത്ത് നാഥ്, ജി.യു.പി.എസ്, ആയംപാറ. 3) പ്രജ്വൽ പ്രകാശ്, ചിന്മയ വിദ്യാലയ, കാഞ്ഞങ്ങാട്

എൽ.പി വിഭാഗം വിഭാഗം വിജയികൾ:1) ശ്രീലക്ഷ്മി വേണുഗോപാൽ, ജി.എച്ച്.എസ്.എസ്, ചായ്യോത്ത്. 2) നിവേദ്യ ജയൻ, കേന്ദ്രീയ വിദ്യാലയം. നീലേശ്വരം. 3) ഋഷികേഷ് മനു, ജേസീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, നീലേശ്വരം

**ഫോട്ടോ അടിക്കുറിപ്പ് (കളക്ടർ)**: കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരം കാസർകോട് ഗവൺമെന്റ് കോളേജിൽ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു ഉദ്ഘാടനം ചെയ്യുന്നു.

## വനിതാശാക്തീകരണം:
## കുടുംബശ്രീ പഠന പ്രക്രിയയ്ക്ക് തുടക്കംകുറിച്ചു

അയൽകൂട്ട വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന കുടുംബശ്രീ മിഷൻ ആവിഷ്കരിച്ച കുടുംബശ്രീസ്കൂൾ പ്രവർത്തനത്തിന് പിന്നാലെ ജെൻഡർ പദ്ധതിയുടെ ഭാഗമായി ലിംഗപദവി സമത്വവും നീതിയും -സ്വയം പഠന പ്രക്രിയ നാലാം മൊഡ്യൂൾ അയൽകൂട്ട തലചർച്ചയ്ക്ക് ഒരുങ്ങുന്നു. വ്യത്യസ്തമായ 28 അദ്ധ്യായങ്ങളടങ്ങുന്ന മൊഡ്യൂളാണ് പരസ്പര സംവാദത്തിലൂടെ ചർച്ച ചെയ്യാൻ ഒരുങ്ങുന്നത്. നമ്മളാരാണെന്ന ബോധത്തിലൂടെ, നമ്മുടെ ആവശ്യങ്ങളും അവകാശങ്ങളും തിരിച്ചറിഞ്ഞ്, വയോജനങ്ങളുടെ അനുഭവങ്ങളിലൂടെകടന്ന്, ട്രാൻസ് ജെൻഡർ തുടങ്ങിയ സമൂഹത്തിൽ പാർശ്വവൽക്കരിപ്പെട്ടവരെ കൂടി ഉൾക്കൊള്ളിക്കാൻ, വിമർശനപരമായി സ്വന്തം ചുറ്റുപാടിനെയും സമൂഹത്തെയും നോക്കികാണാനുള്ള പ്രാപ്തി കൈവരിക്കുന്നതാണ് ചർച്ചയിലൂടെ ലക്ഷ്യമിടുന്നത്. അയൽകൂട്ട

ചർച്ചയുടെമുന്നോടിയായി ജില്ലയിലെ എല്ലാ സി ഡി എസ് ചെയർപേഴ്സൺമാർക്കും പരിശീലനം  കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാമിഷൻ എഡിഎംസി ഡി ഹരിദാസ് അദ്ധ്യക്ഷത വഹിച്ചു. ഹരിദാസൻ, ജെൻഡർ പ്രോഗ്രാം മാനേജർ ആരതി സിഡിഎസ് ചെയർപേഴ്സൺമാർ, കമ്മ്യൂണിറ്റി കൗൺസിലേർസ്, സ്നേഹിത സ്റ്റാഫ് തുടങ്ങിയവർ പങ്കെടുത്തു. അയൽകൂട്ടപ്രതിനിധിക്കുള്ള പരിശീലനം 2019 ജനുവരി 1 ന് ആരംഭിക്കും.

**ഫോട്ടോ അടിക്കുറിപ്പ് (ജെൻഡർ-ജസ്റ്റിസ്)**: . അയൽകൂട്ട ചർച്ചകളുടെ മുന്നോടി യായി ജില്ലയിലെ എല്ലാ സി ഡി എസ് ചെയർപേഴ്സൺമാർക്കുമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ  നടത്തിയ പരിശീലനത്തിൽ നിന്ന്

## കളിയരങ്ങ് ക്യാമ്പ് നാളെ മുതൽ

ജില്ലാ ശിശുക്ഷേമസമിതിയുടെ നേതൃത്വത്തിൽ ആദിവാസി കുട്ടികൾക്കായി നടത്തുന്ന ദ്വിദിന കളിയരങ്ങ് ക്യാമ്പ് നാളെ ആരംഭിക്കും. പള്ളിക്കര ബീച്ച് പാർക്കിൽ സംഘടിപ്പിക്കുന്ന ക്യാമ്പ് പ്രശസ്ത നാടക പ്രവർത്തകൻ സുനിൽ കുന്നരു ഉദ്ഘാടനം ചെയ്യും. പള്ളിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്  പി. ഇന്ദിര അധ്യക്ഷത വഹിക്കും. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ഗൗരി മുഖ്യാതിഥിയാവും. ക്യാമ്പിൽ കെ. കുഞ്ഞിരാമൻ എംഎൽഎ, ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു എന്നിവർ കുട്ടികളുമായി സംവദിക്കും. ആദിവാസി ഗോത്രവി ഭാഗത്തിൽപ്പെട്ട 11നും 17നും ഇടയിൽ പ്രായമുള്ള  60 വിദ്യാർഥികൾക്ക് പങ്കെടുക്കും . രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പിൽ വിവിധ വിഷയങ്ങളിൽ പരിശീലനവും വിനോദ പരിപാടികളും സംഘടിപ്പിക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

കുടുംബശ്രീ  ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ കാസർകോട് പുലിക്കുന്നിൽ വച്ച്  നടത്തുന്ന ഭക്ഷ്യമേളയ്ക്കും ഉൽപന്ന വിപണനമേളയ്ക്കും ആവശ്യമായ സാധ നങ്ങൾ ഒരുക്കി നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഒരു ദിവസം കണ ക്കാക്കിയായിരിക്കും വാടക നിശ്ചയിക്കുന്നത്. ക്വട്ടേഷനുകൾ നാളെ (26) വൈകിട്ട് 4 മണിക്കകം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാമിഷൻ ഓഫീസിൽ എത്തി ക്കണം. അന്നേദിവസം 4.15 ന് ക്വട്ടേഷനുകൾ തുറന്നു പരിശോധിച്ച് ഉറപ്പിച്ചു നൽകു കയും ചെയ്യുന്നതാണ്. ക്വട്ടേഷനുകൾ റദ്ദാക്കുന്നതിനുള്ള അവകാശം ജില്ലാമിഷൻ

കോർഡിനേറ്ററിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് 04994 256111 എന്ന നമ്പ റിൽ ബന്ധപ്പെടുക.

## ദിശയുടെ യോഗം 29ന്

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നതിന് രൂപീകരിച്ച ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കോ-ഓഡിനേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ (ഡി.ഡി.സി.എം.സി/ദിശ) മീറ്റിംഗ് പി. കരുണാകരൻ എംപിയുടെ അധ്യ ക്ഷതയിൽ ഡിസംബർ 29ന് ഉച്ചയ്ക്ക് 2 മണിക്ക് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ എംഎൽഎമാർ, ജില്ലാ ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, നിർവഹണ ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് ജില്ലാ ദാരിദ്ര്യ ലഘൂക രണ വിഭാഗം പ്രോജക്ട് ഡയറക്ടർ അിറയിച്ചു.

## ലാബ് ഉപകരണങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചു

കാസർകോട് ഗവ. കോളേജിലെ ഫിസിക്സ് വിഭാഗത്തിന് 1,57,000 രൂപയുടെ '10-inch collapsible Tube Telescope with computerized Dobsonian mount' വിത രണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ദർഘാസുകൾ പ്രിൻസിപ്പാൾ, ഗവ. കോളേജ്, കാസർകോട്, പി.ഒ. വിദ്യാനഗർ പിൻ: 671123 എന്ന വിലാസത്തിൽ അയക്കണം. ടെണ്ടറുകൾ 2019 ജനുവരി 18ന് രാവിലെ 11 മണി വരെ സ്വീകരിക്കും. ടെണ്ടർ ഫോറ ത്തിന്റെ വില ജി.എസ്.ടിയടക്കം 672 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് 04994 256027 എന്ന നമ്പറിൽ ബന്ധപ്പെടുക.

കാസർകോട് ഗവ. കോളേജിൽ ഐ.ടി. ഗ്രിഡ് പദ്ധതി പ്രകാരം 2,61,783 രൂപ യുടെ നെറ്റ്വർക്ക് സ്വിച്ച്, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി സ്ഥാപിച്ചു നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ പ്രിൻസിപ്പാൾ, ഗവ. കോളേജ്, കാസർകോട്, പി.ഒ. വിദ്യാനഗർ പിൻ-671123 എന്ന വിലാസത്തിൽ അയക്കണം. ടെണ്ടറുകൾ 2019 ജനുവരി 18ന് ഉച്ചയ്ക്ക് 1 മണി വരെ സ്വീകരിക്കും. ടെണ്ടർ ഫോറ ത്തിന്റെ വില ജി.എസ്.ടിയടക്കം 896 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് 04994 256027 എന്ന നമ്പറിൽ ബന്ധപ്പെടുക.

കാസർകോട് ഗവ. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലേക്ക് 1,20,000 രൂപയുടെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ദർഘാസുകൾ 2019 ജനുവരി 21ന് ഉച്ചയ്ക്ക് 1 മണി വരെ സ്വീകരിക്കും.

ദർഗാസ് ഫോറത്തിന്റെ വില ജി.എസ്.ടിയടക്കം 672 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് 04994 256027 എന്ന നമ്പറിൽ ബന്ധപ്പെടുക.

## തിരുത്തൽ വിജ്ഞാപനം

ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.സി തസ്തികയുടെ തെരഞ്ഞെടുപ്പിനായി 02.04.18ന് നിലവിൽ വന്ന 282/18/ഡിഒബി നമ്പർ റാങ്ക് പട്ടികയുമായി ബന്ധപ്പെട്ട് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ തിരുത്തൽ വിജ്ഞാപനം പുറത്തിറക്കി. ട്രാൻസ്ഫർ റിക്രൂട്ട്മെന്റിന് വേണ്ടി (കാറ്റഗറി നമ്പർ: 415/16) തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും 24 പേരെ നീക്കിയതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾ പിഎസ്സി വെബ്സൈറ്റിൽ ലഭ്യമാണ്.

## താലൂക്ക് വികസന സമിതി യോഗം

കാസർകോട് താലൂക്ക് വികസന സമിതി യോഗം 2019 ജനുവരി 5ന് രാവിലെ 10.30ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് സമിതി കൺവീനർ അറിയിച്ചു.

വെള്ളരിക്കുണ്ട് താലൂക്ക് വികസന സമിതി യോഗം 2019 ജനുവരി 5ന് ഉച്ചയ്ക്ക 2 മണിക്ക് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് സമിതി കൺവീനർ അറിയിച്ചു.

## കടാശ്വാസ കമ്മീഷൻ അദാലത്ത്

ജില്ലയിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഡിസംബർ മാസം നടത്തുന്ന സിറ്റിംഗ്/അദാലത്ത് ഡിസംബർ 28ന് രാവിലെ 10 മണിക്ക് കാസർകോട് സർക്കാർ ഗസ്റ്റ് ഹൗസിൽ വച്ച് നടത്തും. അദാലത്തിൽ പങ്കെടുക്കാൻ കമ്മീഷനിൽ നിന്നം നോട്ടീസ് കൈപ്പറ്റിയ അപേക്ഷകരും ബന്ധപ്പെട്ട ബാങ്കിന്റെ പ്രതിനിധികളും അന്നേ ദിവസം ഹാജരാകണം.

## അദാലത്ത് 31ന്

കാസർകോട് നഗരസഭയിൽ പെൻഷൻ അപേക്ഷ സമർപ്പിച്ചതിൽ പുതുക്കിയ മാനദണ്ഡ പ്രകാരം അപേക്ഷ നിരസിച്ചവരുടെ പരാതികൾ സമർപ്പിക്കുന്നതിന് ഡിസംബർ 31ന് അദാലത്ത് സംഘടിപ്പിക്കും. അദാലത്തിൽ പങ്കെടുക്കുന്നതിനായി ഡിസംബർ 28ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04994 230051, 230251 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം

ജില്ലാ സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുപ്പിന് വിജ്ഞാപനമായി. 2008 സ്പോർട്സ് ചട്ടം 82 പ്രകാരമുള്ള വിജ്ഞാപനം ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസ്, ജില്ലാ വരണാധികാരിയുടെ ഓഫീസ് എന്നിവടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി റിട്ടേണിംഗ് ഓഫീസർ അറിയിച്ചു.

## കുട്ടികളുടെ ജൈവ വൈവിധ്യകോൺഗ്രസ് ജനുവരി നാലിന്

ജില്ലാ വിദ്യാഭ്യാസ വകുപ്പും സംസ്ഥാന ജൈവവൈവിധ്യ ബോർഡും സംയുക്തമായി സംഘടിപ്പിക്കുന്ന കുട്ടികളുടെ പതിനൊന്നാമത് ജൈവ വൈവിധ്യ കോൺഗ്രസ് ജനുവരി നാലിന് ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. ജൂനിയർ, സീനിയർ എന്നിങ്ങനെ ഓരോ വിഭാഗത്തിലും രണ്ടു കുട്ടികൾക്ക് വീതം മത്സരത്തിൽ പങ്കെടുക്കാം. ''പ്രളയവും ജൈവ വൈവിധ്യവും'' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് പ്രോജക്ട് മത്സരം.

www.keralabiodiversity.org എന്ന വെബ്സൈറ്റിൽ നിന്നും കുടുതൽ വിവരങ്ങൾ ലഭിക്കും. പ്രോജക്ട് അവതിരപ്പിക്കുന്ന ടീമംഗങ്ങൾ ഡിസംബർ 31നകം 9495512356 എന്ന നമ്പറിൽ വിവരങ്ങൾ അറിയിക്കണം.

**അവസാനിച്ചു**